**15 -ാം കേരള നിയമസഭ**

**5 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 78** **30-06-2022 - ൽ മറുപടിയ്ക്ക്**

**പട്ടികജാതി, പട്ടികഗോത്രങ്ങളിൽപ്പെട്ടവരുടെ മാനവ വിഭവശേഷി വികസനം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. മുരളി പെരുനെല്ലി,<br>ശ്രീ. ടി. പി .രാമകൃഷ്ണൻ,<br>ശ്രീ. പി.പി. സുമോദ്,<br>ശ്രീ എം എസ് അരുൺ കുമാർ** | | **ശ്രീ. കെ. രാധാകൃഷ്ണൻ<br>(പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പ് മന്ത്രി)** | |
| (എ) | സംസ്ഥാനത്ത് പട്ടികജാതി, പട്ടികഗോത്രങ്ങളിൽപ്പെട്ടവരുടെ സാമൂഹിക, സാമ്പത്തിക വികസനത്തിന് അടിസ്ഥാനമായ മാനവ വിഭവശേഷി വികസനം സാധ്യമാക്കുന്നതിനുവേണ്ടി ആവിഷ്കരിച്ചിട്ടുള്ള പദ്ധതികൾ എന്തെല്ലാമാണ്; | (എ) | പട്ടികജാതി, പട്ടികഗോത്രങ്ങളിൽപ്പെട്ടവരുടെ സാമൂഹിക, സാമ്പത്തിക വികസനത്തിന് അടിസ്ഥാനമായ മാനവ വിഭവശേഷി വികസനം സാധ്യമാക്കുന്നതിനുവേണ്ടി ആവിഷ്കരിച്ചിട്ടുള്ള പ്രധാന പദ്ധതികൾ ചുവടെ ചേർക്കുന്നു<br><br><u>വിദ്യാഭ്യാസ പദ്ധതികൾ:</u> -<br><br>1. പ്രീ-മെട്രിക്ക് & പോസ്റ്റ് മെട്രിക് സ്കോളർഷിപ്പ് പദ്ധതി<br><br>2. ഓവർസീസ് സ്കോളർഷിപ്പ്<br><br>3. മോഡൽ റസിഡൻഷ്യൽ സ്കൂൾ, പ്രീമെട്രിക് പോസ്റ്റ് മെട്രിക് ഹോസ്റ്റലുകൾ, സ്പോർട്ട്സ് മോഡൽ റസിഡൻഷ്യൽ സ്കൂളുകൾ.<br><br>4.ഇതര സംസ്ഥാന പഠനം<br><br>5.അയ്യങ്കാളി മെമ്മോറിയൽ ടാലന്റ് സെർച്ച് ആന്റ് ഡെവലപ്പ്മെന്റ് പദ്ധതി.<br><br>6.സമർത്ഥരായ വിദ്യാർത്ഥികൾക്ക് പ്രത്യേക പ്രോത്സാഹനം.<br><br>7. മെഡിക്കൽ/എഞ്ചിനീയറിംഗ് കോഴ്സുകൾക്ക് പ്രവേശനം ലഭിച്ചവർക്കുള്ള ധനസഹായം.<br><br>8. വിവിധ പൊതു പ്രവേശനപരീക്ഷകൾക്കുള്ള പരിശീലനം.<br><br>9. ലാപ്ടോപ്പ് വിതരണം |

| | | | |
|---|---|---|---|
| | | | 10. പഠന മുറി പദ്ധതി<br><br>11. ഗോത്രബന്ധു പദ്ധതി<br><br>12. ഗോത്രസാരഥി(വിദ്യാ വാഹിനി) പദ്ധതി<br><br>13. സിവിൽ സർവ്വീസ് പരീക്ഷാ പരിശീലനം<br><br>14. വിങ്ങ്സ് - വൈമാനിക പരിശീലന പരിപാടി<br><br>15. നൈപുണ്യ വികസന പരിശീലന പരിപാടികൾ.<br><br><u>സാമൂഹിക, സാമ്പത്തിക, ആരോഗ്യ സുരക്ഷ പദ്ധതികൾ:</u><br><br>1. ഏകവരുമാനദായകൻ മരണമടഞ്ഞത് മൂലം ധനസഹായം അനുവദിക്കുന്ന പദ്ധതി.<br><br>2. ചികിത്സാ ധനസഹായം<br><br>3. സ്വയം തൊഴിൽ പദ്ധതി.<br><br>4.വിദേശ തൊഴിൽ ധനസഹായ പദ്ധതി.<br><br>5.ഭവന പൂർത്തീകരണ പദ്ധതി.<br><br>6.ഭൂമി വാങ്ങൽ ധനസഹായം/ഭൂരഹിത പുനരധിവാസ പദ്ധതി.<br><br>7. അംബേദ്കർ ഗ്രാമ പദ്ധതി.<br><br>8. ദുർബല വിഭാഗ പുനരധിവാസ പദ്ധതികൾ<br><br>9. വിവാഹ ധന സഹായ പദ്ധതി<br><br>10.മിശ്ര വിവാഹ ധനസഹായ പദ്ധതി.<br><br>11. പട്ടികജാതി-പട്ടികവർഗ്ഗ വിഭാഗക്കാർ അംഗങ്ങളായുള്ള സ്വാശ്രയ സംഘംങ്ങൾക്കുള്ള ധനസഹായം, തുടങ്ങിയവ. |
| (ബി) | പ്രൊഫഷണൽ കോഴ്സുകൾ ഉൾപ്പെടെ പഠിക്കുന്ന പട്ടികജാതി, പട്ടികവർഗ്ഗ വിദ്യാർത്ഥികളുടെ താരതമ്യേന ഉയർന്ന തോതിലുള്ള കൊഴിഞ്ഞുപോക്ക് കുറയ്ക്കുന്നതിനും കോവിഡാനന്തരം ഇത് കൂടുതൽ രൂക്ഷമാകാതിരിക്കുന്നതിനും പ്രത്യേകം ശ്രദ്ധ പതിപ്പിക്കുന്നുണ്ടോ; | (ബി) | ഉണ്ട്. കൊഴിഞ്ഞുപോക്ക് കുറയ്ക്കുന്നതിനായി വിവിധ തരത്തിലുള്ള ഇടപെടലുകളാണ് വകുപ്പ് നടത്തുന്നത്. എം.ആർ.എസ്, പ്രീമെട്രിക് ഹോസ്റ്റൽ എന്നിവിടങ്ങളിലെ കുട്ടികൾക്കായി പ്രത്യേകം ട്യൂട്ടർമാരെയും കൗൺസിലർമാരെയും നിയമിച്ചിട്ടുണ്ട്. വകുപ്പിലെ ഉദ്യോഗസ്ഥരുടെയും, അദ്ധ്യാപകരുടെയും പ്രമോട്ടർമാരുടെയും നേതൃത്വത്തിൽ സ്കൂളിലേക്ക് |

| | | | |
|---|---|---|---|
| | | | എത്താത്ത വിദ്യാർത്ഥികളെ കണ്ടുപിടിച്ച് തിരികെ എത്തിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നുണ്ട്. ബി.ടെക്കിന് പഠിക്കുന്ന പട്ടികജാതി വിദ്യാർത്ഥികൾക്ക് പഠിക്കുമ്പോൾതന്നെ ആവശ്യമുള്ള വിഷയങ്ങളിൽ കോച്ചിംഗ് നൽകുന്ന പദ്ധതി നടപ്പിലാക്കുന്നുണ്ട്. കൂടാതെ, പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്കായി ഗോത്രസാരഥി, ഗോത്രബന്ധു പദ്ധതികളും നടപ്പിലാക്കി വരുന്നുണ്ട്. |
| (സി) | പട്ടികജാതി, പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് ഡിജിറ്റൽ പഠന സൗകര്യങ്ങൾ ഒരുക്കുന്നതിനുവേണ്ടി നടപ്പിലാക്കിയ കാര്യങ്ങൾ എന്തെല്ലാമായിരുന്നുവെന്ന് അറിയിക്കാമോ? | (സി) | പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്കായി KITE മുഖേന ലാപ്ടോപ്പുകൾ, സാമൂഹ്യ പഠന മുറി, പഠന മുറി, ഊരു വിദ്യാ കേന്ദ്രങ്ങൾ, ക്ലബ്ബുകൾ, വായനശാലകൾ, അങ്കണവാടികൾ, മൾട്ടി ഗ്രേഡ് ലേണിംഗ് സെന്ററുകൾ മുതലായ സൗകര്യങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ട്. സെറ്റിൽമെന്റുകളിലെ പൊതു ഇടങ്ങളിൽ താൽക്കാലികമായി ഓൺലൈൻ പഠന സൗകര്യം നൽകിയിരുന്നു. ഈ സർക്കാർ അധികാരത്തിൽ വന്നശേഷം പുതുതായി 1006 പട്ടികവർഗ്ഗ കോളനികളിൽ കൂടി ഇന്റർനെറ്റ് കണക്ടിവിറ്റി ലഭ്യമാക്കി. ഇടമലക്കുടിയിലേക്ക് മാത്രം 4.31 കോടി രൂപയാണ് ഇന്റർനെറ്റ് കണക്ടിവിറ്റി ലഭ്യമാക്കുന്നതിന് നൽകിയിരിക്കുന്നത്. |

സെക്ഷൻ ഓഫീസർ